REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 19-05-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **കോഴിക്കോട് പുതിയ ബസ് സ്റ്റാന്റ് കെട്ടിടത്തിൽ ഇന്നലെ വൈകീട്ടുണ്ടായ തീ പിടുത്തത്തിൽ വിവിധ വകുപ്പുകളുടെ പരിശോധന തുടങ്ങി.**
- **കൊച്ചി വിമാനത്താവളത്തിലെ പ്രവർത്തനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാനത്തെ പ്ലസ് ടു, VHSE പരീക്ഷാഫലം ഈ മാസം 22-ന്.**
- **അടുത്ത അധ്യയന വർഷം മുതൽ സംസ്ഥാനത്തെ പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് റോബോട്ടിക്സ് പഠനത്തിന് അവസരം.**
- **IPL ക്രിക്കറ്റിൽ ഇന്ന് ലക്നൗ സൂപ്പർ ജയന്റ്സ്, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും.**

## വാർത്തകൾ വിശദമായി

കോഴിക്കോട് പുതിയ ബസ് സ്റ്റാന്റ് കെട്ടിടത്തിൽ ഇന്നലെ വൈകീട്ടുണ്ടായ തീ പിടുത്തത്തിൽ വിവിധ വകുപ്പുകളുടെ പരിശോധന തുടങ്ങി. പൊലിസിനും, അഗ്നി സുരക്ഷാ സേനക്കും പുറമെ, വൈദ്യുതി വകുപ്പിന്റെ പരിശോധനകളും പുരോഗമിക്കുകയാണ്.

വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് പ്രതിനിധി A C നസീർബാബു

......(വോയ്സ്).........

✪✪✪

കോഴിക്കോട് പുതിയ ബസ്റ്റാന്റ് കെട്ടിടത്തിൽ ഉണ്ടായ തീപിടുത്തത്തെ ഗവൺമെന്റ് ഗൗരവത്തോടെയാണ് കാണുന്നതെന്ന് മന്ത്രി A.K ശശീന്ദ്രൻ പറഞ്ഞു. തീപിടിത്തത്തെപ്പറ്റി എല്ലാ തലത്തിലും പരിശോധനകൾ നടത്തും. ചീഫ് സെക്രട്ടറി ജില്ലാ കലക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. കലക്ടർ വിവിധ വകുപ്പുകളിൽ നിന്നും വിവരം തേടും. വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ നടപടിയുണ്ടാകുമെന്നും മന്ത്രി കോഴിക്കോട്ട് അറിയിച്ചു.

✪✪✪

കോഴിക്കോട് പുതിയ ബസ്റ്റാൻഡിലെ തീപിടുത്തത്തെ കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് UDF കൺവീനർ അടൂർ പ്രകാശ് ആവശ്യപ്പെട്ടു. തീപിടുത്തം ഉണ്ടായ സ്ഥലം സന്ദർശിച്ച ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അടൂർ പ്രകാശ്. സമഗ്ര അന്വേഷണ റിപ്പോർട്ട് പൊതുജന മധ്യത്തിൽ എത്തിക്കണമെന്നും അടൂർ പ്രകാശ് ആവശ്യപ്പെട്ടു.

അടിയന്തര സാഹചര്യം നേരിടുന്നതിൽ കൂട്ടായ ഉത്തരവാദിത്വം എല്ലാവരും നിറവേറ്റിയോ എന്ന് പരിശോധിക്കണമെന്നും അടൂർ പ്രകാശ് നിർദ്ദേശിച്ചു.

✪✪✪

കോഴിക്കോട് നഗരത്തിലെ തീപ്പിടുത്തം കോർപ്പറേഷൻ - ജില്ലാ അധികൃതരുടെ കണ്ണ് തുറപ്പിക്കണമെന്ന് BJP സംസ്ഥാന വൈസ് പ്രസിഡന്റ് P രഘുനാഥ് പറഞ്ഞു. നിയമങ്ങൾ കാറ്റിൽ പറത്തിയാണ് പല കെട്ടിടങ്ങളും നഗരത്തിൽ ഉയരുന്നത്. നഗരത്തിലെ കെട്ടിട നിർമ്മാണ ലംഘനങ്ങളിൽ ജില്ലാ - കോർപ്പറേഷൻ ഭരണകൂടങ്ങൾ സമഗ്രമായ അന്വേഷണത്തിന് തയ്യാറാകണമെന്ന് രഘുനാഥ് ആവശ്യപ്പെട്ടു.

✪✪✪

ജനങ്ങൾക്ക് സുരക്ഷയും സൗകര്യവും ഒരുക്കേണ്ട കോഴിക്കോട് നഗരസഭ പൂർണമായും പരാജയമായി രുന്നുവെന്ന് പുതിയ സ്റ്റാന്റിലെ തീപിടുത്തോടെ ജനങ്ങൾക്ക് ബോധ്യമായിരിക്കുകയാണെന്ന് KPCC ജനറൽ സെക്രട്ടറി PM നിയാസ്, T സിദ്ദീഖ് MLA എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. നഗരസഭയുടെ സ്വന്തം കെട്ടിടത്തിൽ തന്നെ അനധികൃത നിർമിതിയാണ് നടക്കുന്നതെന്നും അവർ ആരോപിച്ചു.

✪✪✪

കൊച്ചി വിമാനത്താവളത്തിലെ പ്രവർത്തനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന "സിയാൽ 2.0" പദ്ധതി സിയാൽ ചെയർമാൻ കൂടിയായ മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും.

200 കോടി രൂപ ചെലവിൽ, സൈബർ ഡിഫൻസ് ഓപ്പറേഷൻ സെൻറർ, AI അധിഷ്ഠിത നിരീക്ഷണ സംവിധാനം, ബോംബ് ഡിറ്റക്ഷൻ ആൻഡ് ഡിസ്പോസൽ സിസ്റ്റം എന്നിവയടക്കം പദ്ധതികളുടെ നവീകരണമാണ് നടപ്പാക്കുന്നത്. ഉച്ചകഴിഞ്ഞ് സിയാൽ കൺവെൻഷൻ സെൻററിൽ ഏറോ ഡിജിറ്റൽ ഉച്ചകോടിയും സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാനത്തെ പ്ലസ് ടു, VHSE പരീക്ഷാഫലം വരുന്ന വ്യാഴാഴ്ച പ്രഖ്യാപിക്കും. ഉച്ചകഴിഞ്ഞ് മൂന്നിനാണ് ഫലപ്രഖ്യാപനം.

✪✪✪

വിദേശകാര്യ മന്ത്രി ഡോ S ജയ്ശങ്കറിന്റെ ത്രിരാഷ്ട്ര സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ആറ് ദിവസത്തെ പര്യടനത്തിനിടെ അദ്ദേഹം നെതർലാൻഡ്സ്, ഡെൻമാർക്ക്, ജർമ്മനി എന്നീ രാജ്യങ്ങൾ സന്ദർശിക്കും. മൂന്ന് രാഷ്ട്രത്തലവൻമാരുമായി ജയ്ശങ്കർ കൂടിക്കാഴ്ച നടത്തുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് പത്താം ക്ലാസിൽ മുഴുവൻ കുട്ടികളും ഇനി റോബോട്ടിക്സ് പഠിക്കും. രാജ്യത്താദ്യമായി സംസ്ഥാനത്തെ പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് റോബോട്ടിക്സ് സാങ്കേതികവിദ്യ പഠിക്കാനും അതിൽ പ്രായോഗിക പരീക്ഷണങ്ങൾ നടത്താനും പുതിയ അധ്യയന വർഷം മുതൽ അവസരം ലഭിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി രെജു കോലിയക്കോട്.

......(വോയ്സ്).........

പത്താം ക്ലാസിലെ പുതിയ ഐസിടി പാഠപുസ്തകം ഒന്നാം വാല്യത്തിലെ റോബോട്ടുകളുടെ ലോകം എന്ന ആറാം ആധ്യായത്തിലാണ് സർക്കീട്ട് നിർമ്മാണം, സെൻസറുകളുടേയും ആക്ചുവേറ്ററുകളുടേയും ഉപയോഗം, കമ്പ്യൂട്ടർ പ്രോഗ്രാമിംഗ് വഴി ഇലക്ട്രോണിക് ഉപകരണങ്ങളെ നിയന്ത്രിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ റോബോട്ടിക്സിന്റെ പുതിയ ആശയങ്ങളും ആശയമാതൃകകളും കണ്ടെത്താൻ പത്താം ക്ലാസിലെ വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുന്നത്.

കഴിഞ്ഞ അക്കാദമിക വർഷം രാജ്യത്താദ്യമായി ഏഴാം ക്ലാസിൽ മുഴുവൻ കുട്ടികൾക്കും നിർമ്മിത ബുദ്ധി പഠിക്കാൻ ഐസിടി പാഠപുസ്തകത്തിൽ അവസരം നൽകിയിരുന്നു. ഇതിന്റെ തുടർച്ചയായി ഈ വർഷം പുതിയ 8, 9, 10 ക്ലാസിലെ ഐസിടി പാഠപുസ്തകങ്ങളിലും എഐ പഠനം ഉൾപ്പെടുത്തിയിട്ടുണ്ട്.

ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്കായി കഴിഞ്ഞ വർഷം നടത്തിയ റോബോട്ടിക്സ് പാഠ്യപദ്ധതിയുടെ അനുഭവം കൂടി ഉൾക്കൊണ്ടാണ് പുതിയ പാഠപുസ്തകത്തിലൂടെ പത്താം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ഈ വർഷം റോബോട്ടിക്സ് പഠനത്തിന് അവസരം ലഭിക്കുന്നത്. സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഇതിനായി കൈറ്റ് വഴി 29,000 റോബോട്ടിക് കിറ്റുകളുടെ വിതരണം നേരത്തെ പൂർത്തിയായിരുന്നു

ഐ.സി.ടി. പാഠപുസ്തകം മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ മാധ്യമങ്ങളിലായി എല്ലാ കുട്ടികൾക്കും ലഭ്യമാക്കും. പത്താം ക്ലാസിലെ പുതിയ ഐസിടി പാഠപുസ്തകത്തിന്റെ ആദ്യഘട്ട പരിശീലനം ഇതുവരെ 9,924 അധ്യാപകർക്ക് കൈറ്റ് നൽകി. ജൂലൈയിൽ റോബോട്ടിക്സിൽ മാത്രമായി അധ്യാപകർക്ക് പരിശീലനം നൽകാനും, കൂടുതൽ റോബോട്ടിക് കിറ്റുകൾ ആവശ്യമായ സംസ്ഥാന സിലബസ് പിന്തുടരുന്ന അൺ-എയ്ഡഡ് സ്കൂളുകൾക്ക് ഉൾപ്പെടെ അവ ലഭ്യമാക്കാനും കൈറ്റ് സംവിധാനം ഏർപ്പെടുത്തും.

✪✪✪

മന്ത്രി J. ചിഞ്ചുറാണി ഇന്ന് കാസർകോട് ജില്ലയിലെ വിവിധ പരിപാടികളിൽ പങ്കെടുക്കും. ഇടയിലക്കാട് ക്ഷീര സംഗമം രാവിലെ മന്ത്രി ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്ക് ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് കെട്ടിടം നീലേശ്വരത്ത് മന്ത്രി ഉദ്ഘാടനം ചെയ്യും. ബേഡകം ആട് ഫാമും അവർ സന്ദർശിക്കും.

വൈകീട്ട് മുളിയാർ ABC സെന്റർ ഉദ്ഘാടനം ചെയ്ത ശേഷം ബദിയഡുക്ക ബേള കന്നുകാലി ഫാം അഡ്മിനിസ്ട്രേറ്റീവ് കെട്ടിടം മന്ത്രി നാടിന് സമർപ്പിക്കും.

✪✪✪

സംസ്ഥാനത്തെ സാമ്പത്തിക സാഹചര്യം പരിതാപകരമാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. കേരളം സാമ്പത്തിക തകർച്ചയിലേക്ക് നീങ്ങുകയാണെന്നും ഗവൺമെന്റ് അഴിമതിയിൽ മുങ്ങിക്കുളിച്ചിരിക്കുക യാണെന്നും സതീശൻ ആരോപിച്ചു.

✪✪✪

മുണ്ടക്കൈ - ചൂരൽമല ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യാത്തതിൽ പ്രതിഷേധിച്ച് വൈത്തിരി താലൂക്ക് ഓഫീസിൽ ദുരന്തബാധിതർ പ്രതിഷേധം ആരംഭിച്ചു. ജനശബ്ദം ജനകീയ ആക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് സമരം.

✪✪✪

മോഷണക്കുറ്റം ആരോപിച്ച് പിടികൂടിയ ദളിത് യുവതിയെ പേരൂർക്കട പൊലീസ് സ്റ്റേഷനിൽ 20 മണിക്കൂറോളം പൊലീസ് മാനസികമായി പീഡിപ്പിച്ചെന്ന പരാതിയിൽ തിരുവനന്തപുരം സിറ്റി പൊലീസ് കമ്മീഷണർ അടിയന്തര റിപ്പോർട്ട് തേടി. പൊലീസ് സ്റ്റേഷനിലാണെന്ന വിവരം വീട്ടുകാരെ അറിയിക്കാൻ പോലും തയ്യാറാകാതെയും, കുടിവെള്ളം പോലും നൽകാതെയും പൊലീസ് സ്റ്റേഷനിൽ കഷ്ടപ്പെടുത്തിയെന്നാണ് പരാതി. ജോലിയ്ക്ക് നിന്ന വീട്ടിൽ നിന്ന് തന്നെ, മോഷണം പോയ മാല ഉടമ കണ്ടെത്തിയ ശേഷമാണ് യുവതിയെ വിട്ടയച്ചത്. മുഖ്യമന്ത്രിക്കും DGP ക്കും യുവതി പരാതി നൽകിയിരുന്നു.

KPCC പ്രസിഡണ്ട് സണ്ണി ജോസഫ് ദളിത് യുവതിയുടെ ചുള്ളിമാനൂർ വലിയ ആട്ടുകാലിലെ വീട്ടിലെത്തി എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തു.

✪✪✪

തിരുവനന്തപുരം മുതലപ്പൊഴിയിൽ പ്രദേശവാസികളുടെ എതിർപ്പിനെ തുടർന്ന് നിർത്തിവെച്ച ഡ്രഡ്ജിംഗ് പുനരാരംഭിച്ചു. ഇന്നലെ കലക്ടറുമായി നടത്തിയ ചർച്ചയിൽ പ്രവൃത്തികൾ തുടരാൻ ധാരണയായിരുന്നു. കണ്ണൂരിൽ നിന്നെത്തിച്ച ഡ്രഡ്ജറിനൊപ്പം രണ്ട് എസ്കവേറ്ററുകളും മണൽനീക്കത്തിന് ഉപയോഗിക്കുന്നുണ്ട്.

✪✪✪

കാസർഗോഡ് ഉപ്പളയിൽ ഗോഡൗണിന്റെ പൂട്ട് തകർത്ത് ലക്ഷങ്ങളുടെ ഇരുമ്പ് സാധനങ്ങൾ കടത്തിയ മോഷ്ടാവിനെ മഞ്ചേശ്വരം പൊലീസ് പിടികൂടി. മംഗളൂരു കസബ ബങ്കര സ്വദേശി നൂമാൻ ആണ് അറസ്റ്റിലായത്. ഇരുമ്പ് റാഡുകളും പൈപ്പുകളുമാണ് ഇയാൾ പിക്കപ്പ് വാനിൽ കടത്തി കൊണ്ടുപോയത്.

✪✪✪

സംസ്ഥാനത്ത് അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കോഴിക്കോട്, വയനാട്, കണ്ണൂർ,

കാസറഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

✪✪✪

കാളികാവ് അടയ്ക്കാകുണ്ടിൽ ടാപ്പിംഗ് തൊഴിലാളിയെ ആക്രമിച്ച് കൊലപ്പെടുത്തിയത് ആൺ കടുവയാണെന്ന് വനം വകുപ്പ് സ്ഥിരീകരിച്ചു. സൈലന്റ് വാലി ബഫർസോണിലെത്തിയ കടുവയാണ് ഇതെന്ന് വിലയിരുത്തുന്നു. വേട്ടയാടിയ സ്ഥലത്ത് കടുവ വീണ്ടും എത്തുമെന്ന നിഗമനത്തിൽ 50 ക്യാമറകൾ പ്രദേശത്ത് സ്ഥാപിച്ചിട്ടുണ്ട്.

അതിനിടെ വണ്ടൂർ, വാണിയമ്പലം, മാടശ്ശേരി ഭാഗത്ത് പുലിയെ കണ്ടതായി നാട്ടുകാർ അറിയിച്ചു.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ലക്നൗ സൂപ്പർ ജയന്റ്സ്, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. ലക്നൗവിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

രണ്ട് പ്രധാന ഏഷ്യൻ ക്രിക്കറ്റ് കൗൺസിൽ ടൂർണമെന്റിൽ നിന്ന് വിട്ടുനിൽക്കാൻ ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് തീരുമാനിച്ചു. ഇന്ത്യ-പാക് സംഘർഷത്തിന്റെ പശ്ചാത്തലത്തിലാണ് തീരുമാനം. വനിതാ എമർജിംഗ് ടീം ഏഷ്യാകപ്പ്, പുരുഷ ഏഷ്യാകപ്പ് മത്സരങ്ങളിൽ നിന്നാണ് BCCI പിൻവാങ്ങുന്നത്. പാകിസ്ഥാൻ അടക്കം പങ്കെടുക്കുന്ന പുരുഷ ഏഷ്യാകപ്പ് മത്സരം ഇന്ത്യയിൽ നടത്താനായിരുന്നു മുൻതീരുമാനം.

✪✪✪

സാഫ് അണ്ടർ - 19 ഫുട്ബോൾ കിരീടം ഇന്ത്യക്ക്. അരുണാചൽ പ്രദേശിലെ യൂപിയയിൽ ബംഗ്ലാദേശിനെ പെനാൽറ്റി ഷൂട്ടൗട്ടിൽ മൂന്നിനെതിരെ നാല് ഗോളിന് തോൽപ്പിച്ചാണ് ഇന്ത്യ ജേതാക്കളായത്.

✪✪✪

ഇടവമാസ പൂജകൾ പൂർത്തിയാക്കി ശബരിമലയിൽ രാത്രി നട അടക്കും. ഉച്ചയ്ക്ക് അയ്യപ്പ സ്വാമിക്ക് സഹസ്ര കലശാഭിഷേകം നടക്കും.

✪✪✪

ഗാനരചയിതാവ് P.ഭാസ്കരന്റെ ജന്മ ശതാബ്ദിയോടനുബന്ധിച്ച് ആകാശവാണി കണ്ണൂർ നിലയത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച, ഒരു വർഷത്തെ പ്രതിമാസ പ്രഭാഷണ പരമ്പര - കണ്ണീരും സ്വപ്നങ്ങളും വൈകിട്ട്

സമാപിക്കും. കണ്ണൂർ  ജവഹർ ഓഡിറ്റോറിയത്തിൽ സമാപന സമ്മേളനം ശ്രീകുമാരൻ തമ്പി ഉദ്ഘാടനം  ചെയ്യും.

 വൈകിട്ട്  സമാപന സമ്മേളനത്തിന് ശേഷം 'P ഭാസ്കരൻ പുതുക്കിപ്പണിത മലയാളി ഭാവുകത്വം'  എന്ന വിഷയത്തിൽ കവി വീരാൻകുട്ടി  സംസാരിക്കും. തുടർന്ന്  ഭാസ്കര ഗാനങ്ങളുടെ പുനരാവിഷ്കരണവും ഉണ്ടായിരിക്കും.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന കരിപ്പൂരിൽ നിന്ന് ഇതുവരെ 23 വിമാനങ്ങളിലായി 3,967 പേർ മക്കയിലെത്തി. ഇന്നും നാളെയും രണ്ട് വീതം സർവീസുകളും ബുധനാഴ്ച മൂന്ന് സർവീസും വ്യാഴാഴ്ച ഒരു സർവീസും ഉണ്ടായിരിക്കും. ഇതോടെ, കരിപ്പൂരിലെ ഹജ്ജ് ക്യാമ്പിന് പരിസമാപ്തിയാകും.

കണ്ണൂരിൽ നിന്ന് ഇന്ന് പുലർച്ചെ ഒരു ഹജ്ജ് സർവീസ് യാത്ര തിരിച്ചു. നെടുമ്പാശേരിയിൽ നിന്ന് അഞ്ച് വിമാനങ്ങളിലായി ഇതുവരെ 1,436 പേർ മക്കയിൽ എത്തിയിട്ടുണ്ട്.

✪✪✪

---

*News Editor:  പി ചന്ദ്രബാബു*
*News Reader:  നിഷിത കുമാരി*
*News Team: അനിൽ ചന്ദ്രൻ*
*DEO:  ഷീബ*